# ഇമാം ഇബ്നുറജബ് അൽഹൻബലി (رحمه الله)

(ഹി: 736-795)

ഹിജ്റ എട്ടാം നൂറ്റാണ്ടിലെ പ്രഗൽഭനായ പണ്ഡിതനായിരുന്നു 736ൽ ഇറാഖിലെ ബാഗ്ദാദിൽ ജനിച്ച ഇബ്നുറജബ് അൽഹൻബലി എന്ന വിളിപ്പേരിൽ അറിയപ്പെടുന്ന അബ്ദുറഹ്മാൻ ഇബ്നു അഹ്മദ്(رحمه الله). ബഗ്ദാദ് പട്ടണം താർത്താരിൾക്ക് കീഴടങ്ങി എൺപത് വർഷങ്ങൾക്ക് ശേഷമാണ് അദ്ദേഹം ഭൂജാതനാകുന്നത്. മതപരമായ അറിവ് നേടുന്നതിൽ താൽപര്യമുളള കുടുംബമായിരുന്നു അദ്ദേഹത്തിന്റേത്. വലിയ പണ്ഡിതനായിരുന്ന പിതാമഹൻ അബ്ദുറഹ്മാൻ ജനിച്ചത് റജബ് മാസത്തിലാണ് എന്ന കാരണത്താൽ അദ്ദേഹത്തെ ഇബ്നു റജബ് എന്ന് വിളിക്കപ്പെട്ടിരുന്നു. അദ്ദേഹത്തിലേക്ക് ചേർത്താണ് അബ്ദുറഹ്മാൻ ഇബ്നു അഹ്മദ്(رحمه الله)യും ഇബ്നു റജബ് എന്ന് വിളിക്കപ്പെടുന്നത്. വളരെ ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ അദ്ദേഹം പിതാമഹന്റെ ദർസിലെ ഹൽക്കയിൽ പങ്കെടുത്തിരുന്നു. പിതാവ് ഹസനും അറിയപ്പെട്ട പണ്ഡിതനായിരുന്നു. ഹിജ്റ 744ൽ പിതാവ് ഇറാഖിനോട് വിടവാങ്ങുകയും കുടുംബ സമേതം ഡമാസ്ക്കസിലേക്ക് പോവുകയും ചെയ്യതു.

<u>അറിവും തേടി</u>

പ്രഗൽഭരായ പണ്ഡിതന്മർക്ക് കീഴിൽ തന്റെ മകൻ ഹദീഥ് പഠിക്കണമെന്ന ആഗ്രഹം പിതാവിനുണ്ടായിരുന്നു, അതിനായി ബാഗ്ദാദ്, ഡമാസ്കസ്, ഈജിപ്ത് എന്നീ ഇസ്ലാമിക ലോകത്തിലെ പ്രധാന പഠന സിരാകേന്ദ്രങ്ങൾ അദ്ദേഹം സന്ദർശിക്കുകയും നിരവധി ശൈഖന്മാർക്ക് കീഴിൽ പഠിക്കുകയും ചെയ്തു. ഹിജ്റ 748ൽ വീണ്ടും പഠനത്തിനായി ബാഗ്ദാദിലേക്ക് മടങ്ങി. ജമാലുദ്ധീൻ അബുൽ അബ്ബാസ്(رحمه الله), സ്വഫിയുദ്ധീൻ അബൂ അബ്ദില്ല(رحمه الله), അബൂൽ അബ്ബാസ് അഹ്മദ് ഇബ്നു മുഹമ്മദ്(رحمه الله) എന്നിവരിൽനിന്ന് അറിവ് നുകർന്ന് ഹിജ്റ 749ൽ പിതാവിനോടൊപ്പം ഹജ്ജിന് യാത്രയായി. തുടർന്ന് നിരന്തരം യാത്ര തന്നെയായിരുന്നു. ഖുദുസ്, നാബൽസ്, മക്കാ മദീന, മിസ്ർ എന്നിവിടങ്ങളിലെല്ലാം പഠനത്തിനായി പോകുമ്പോഴും താമസ കേന്ദ്രമായി ഡമാസ്കസിനെ അദ്ദേഹം തെരഞ്ഞെടുത്തു.

ഹിജ്റ 774ൽ പിതാവ് മരണപ്പെട്ടശേഷം പണ്ഡിതന്മരിലേക്കുളള പഠനയാത്രകൾ അവസാനിപ്പിക്കുകയും ഗ്രന്ഥരചന, അദ്ധ്യാപനം, ഫത്വ കൊടുക്കൽ തുടങ്ങിയ ദീനീ വിഷയങ്ങളിൽ വ്യാപൃതനാവുകയും അത് 791ൽ അദ്ദേഹം മരണപ്പെടുന്നത് വരെ തുടരുകയും ചെയ്തു.

അറിവിനൊപ്പം തന്നെ ശ്രോദ്ധാവിനെ തൊട്ടുണർത്താൻ കഴിയുന്ന അപാരമായ വാക് വൈഭവവും വശ്യമായ ശൈലി സത്യസന്ധമായ നിയ്യത്ത് തുടങ്ങിയവ അദ്ദേഹത്തിൽ സമ്മേളിച്ചപ്പോൾ ജനങ്ങൾ അദ്ദേഹത്തിലേക്ക് ചാഞ്ഞു. വിദൂരമായ വിവിധ നാടുകളിൽനിന്ന് അദ്ദേഹത്തെ ലക്ഷ്യമാക്കി വിദ്യർഥികൾ ഒഴുകി തുടങ്ങി. പിൽകാലത്ത് ഖാളിമാരും മഹാപണ്ഡിതന്മാരുമായവർ അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളിലുണ്ടായി.

ഖാളി ശിഹാബുദ്ധീൻ അബുൽ അബ്ബാസ് അഹ്മദ് ഇബ്നു അബീബക്കർ, ദാവൂദ് ഇബ്നു സുലൈമാൻ ഇബ്നി അബ്ദില്ല, മക്കയിലെ ഖാളിയായിരുന്ന ശംസുദ്ധീൻ മുഹമ്മദ് ഇബ്നു അഹ്മദ്. ഇങ്ങനെ വിവിധ രാജ്യങ്ങളിലായി അദ്ദേഹത്തിന്റെ ശിഷ്യന്മാർ നിരവധിയാണ്.

<u>ഗ്രന്ഥങ്ങൾ</u>

അവഗാഹമായ പാണ്ഡിത്യത്തിന്റെ ഉടമയായിരുന്ന ഇബ്നു റജബ് തഫ്സീർ, ഹദീഥ്, ഫിഖ്ഹ്, താരീഖ്, തുടങ്ങിയ നിരവധി വിഷയങ്ങളിൽ ധാരാളം ഗ്രന്ഥങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അദ്ദേഹത്തെപോലെ ഗ്രന്ഥങ്ങൾ രചിച്ച മറ്റാരുമില്ല. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ചിലത് ഇപ്രകാരമാണ്.

- استنشاق نسيم الانس من نفحات رياض القدس
- شرح صحيح الترمذي
- تقرير القواعد وتحرير الفوائد في الفقة .
- شرح علل الترمذي
- شرح حديث لبيك اللّٰهُمَّ لبيك
- شرح حديث بعثت بالسيف بين يدي الساعة"
- "شرح حديث عمار بن ياسر اللّٰهُمَّ بعلمك الغيب"
- "شرح حديث إن أغبط أوليائي عندي"
- " التخويف من النار"
- الاستخراج لأحكام الخراج"
- "الاستغناء بالقرآن" ,
- "استنشاق نسيم الأنس من نفحات رياض القدس" ,
- "أهوال القبور"
- "التخويف من النار والتعريف بحال دار البوار"
- "تقرير القواعد وتحرير الفوائد"
- "جامع العلوم والحكم في شرح أربعين حديثا من جوامع الكلم والحكم"
- "الإلمام في فضائل بيت الله الحرام"
- فتح الباري شرح صحيح البخاري
- ذيل طبقات الحنابلة

ഇതിൽ പ്രത്യേകം എടുത്തുപറയേണ്ട മഹത് ഗ്രന്ഥമാണ് ഇമാം ബുഖാരിയുടെ സ്വഹീഹുൽ ജാമിഇന്റെ വിവരണമായ ഫത്ഹുൽ ബാരി. ഇമാം ഇബ്നു ഹജർ അൽഅസ്ഖലാനിക്ക് ഇതേ വിഷയത്തിൽ ഇതേ നാമത്തിലുള്ള ഒരു ഗ്രന്ഥം ഉണ്ടെങ്കിലും ആദ്യമായി ഇപ്രകാരം നാമധേയം നടത്തിയത് ഇബ്നു റജബ് ആണ്. ഗ്രന്ഥം പൂർത്തീകരിക്കുന്നതിന് മുമ്പായി അദ്ദേഹം മരണമടയുകയാണുണ്ടായത്. എഴുതിയത് തന്നെയും സമ്പൂർണമായി നമ്മിലേക്ക് എത്തിചേർന്നിട്ടുമില്ല. ഇബ്നു ഹജറിന്റെ പ്രസ്തുത

ഗ്രന്ഥത്തേക്കാൾ പലതുകൊണ്ടും ഇബ്നു റജബിﷺന്റെ ഫത്ഹുൽബാരി മികച്ച് നിൽക്കുന്നതായി കാണാം.

<u>പണ്ഡിതന്മാരുടെ അഭിപ്രായം</u>

സമകാലികരും പിൽകാലക്കാരുമായ പണ്ഡിതന്മാർ ഒരാളെ കുറിച്ച് രേഖപ്പെടുത്തുന്ന അഭിപ്രായങ്ങൾക്ക് വലിയ പ്രസക്തിയാണുള്ളത്. ഇമാം ഇബ്നു റജബിﷺന്റെ വിനയവും വിവരവും കഴിവും പുകഴ്ത്തിയ ധാരാളം പണ്ഡിതന്മാരെ നമുക്ക് കാണാം. ഇബ്നു ഹജർ അൽഅസ്ഖലാനിﷺ, ഇബ്നു നാസറുദ്ധീൻ അദ്ദിമശ്ഖിﷺ, ഇബ്നു മുഫ്ലിഹ്ﷺ, യൂസ്ഫ് ഇബ്നു അബ്ദിൽ ഹാദിﷺ, അസ്സുയൂത്തിﷺ, അന്നുഐമിﷺ, അൽഅലീമിﷺ, ഇബ്നുൽ ഇമാദ്ﷺ തുടങ്ങിയ മഹാൻമാരെല്ലാം ഇബ്നു റജബിനെ പുകഴ്ത്തി പറഞ്ഞവരാണ്.

<u>മരണം</u>

ഹിജ്റ 795 റമളാൻ മാസത്തിലോ അല്ലെങ്കിൽ റജബിലോ ഡമാസ്കസിൽ വെച്ച് അദ്ദേഹം മരണമടഞ്ഞു. ഹിജ്റ 486ൽ മരണമടഞ്ഞ ശൈഖ് അബുൽ ഫറജ് അബ്ദുൽ വാഹിദ് അശീറാസിﷺയുടെ ക്വബ്റിനരികിലാണ് അദ്ദേഹത്തെ മറമാടിയത്. ഇബ്നു നാസറുദ്ധീൻﷺ പറയുന്നു: ഇബ്നു റജബിﷺന്റെ ക്വബർകുഴിച്ച ഒരാൾ ഇപ്രകാരം എന്നോട് പറഞ്ഞു: ഇബ്നു റജബ്ﷺ മരണത്തിന്റെ ഏതാനും ദിവസങ്ങൾക്ക് മുമ്പ് എന്റെയടുക്കൽ വന്നു. അദ്ദേഹത്തെ മറമാടപ്പെട്ട സ്ഥലത്തേക്ക് ചൂണ്ടി കൊണ്ട് ഇപ്രകാരം പറഞ്ഞു: എനിക്ക് ഇവിടെ ഒരു ക്വബർ കുഴിക്കുക, ഞാൻ അവിടെ ഒരു ക്വബർ കുഴിച്ചു. ശേഷം അദ്ദേഹം അതിൽ ഇറങ്ങി ചെരിഞ്ഞ് കിടക്കുകയും അത് അദ്ദേഹത്തിന് നന്നായി തോന്നുകയും നന്നായി എന്ന് പറയുകയും ചെയ്തു. ശേഷം അവിടെ നിന്നും പോയി. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തെ മയ്യിത്ത് കട്ടിലിൽ വഹിച്ചുകൊണ്ട് വരപ്പെടുകയും അതേ ക്വബ്റിൽ തന്നെ മറമാടുകയും ചെയ്തു.

رحمه الله رحمة واسعة

തയ്യാറാക്കിയത്: അബൂ ബിലാൽ